കേരള സ്റേറ്ററ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രേഡ് ട്രേഡ് യൂണിയനുകൾക്ക് കേരള റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ ആക്ട് 2010 ആന്റ് റൂൾസ് 2011 പ്രകാരം അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട ഹിത പരിശോധന നടത്തുന്നതിനായി റിട്ടേർണിംഗ് ആഫീസറായ എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ശ്രീ. പി. ജെ. ജോയി, ഇലക്ട്രിസിറ്റി ബോർഡ് പ്രതിനിധികളെയും റഫറണ്ടത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടിയ 8 യൂണയനുകളെയും ബഹു: കേരള ഹൈക്കോടതിയുടെ ഉത്തരവിൻ പ്രകാരം ടി റഫറണ്ടത്തിൽ പങ്കെടുക്കുവാൻ യോഗ്യത നേടിയ കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (രജി. നമ്പർ 01/14/87) നെയും ഉൾപ്പെടുത്തി 19.09.2015 രാവിലെ 11 മണിക്ക് എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ വച്ച് നടത്തിയ ചർച്ചയുടെ യോഗ നടപടി കുറിപ്പ്.

യോഗത്തിൽ ഹാജരായവർ :

**കേരള സ്റേറ്ററ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി :**

1. സജിൻ സ്റ്റീഫൻ, റീജിയണൽ പെഴ്സണൽ ഓഫീസർ, കെ. എസ്. ഇ. ബി. ..ഒപ്പ്..
2. ചന്ദ്രശേഖരൻ ഇ. പി., സൂപ്രണ്ട്, കെ. എസ്. ഇ. ബി. ..ഒപ്പ്..

**കേരള ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് സ്റ്റാഫ് ഓർഗനൈസേഷൻ (KEESO) ന് വേണ്ടി :**

3. എൻ. ഷിബു, ജനറൽ സെക്രട്ടറി ..ഒപ്പ്..
4. നാരായണൻ എമ്പ്രാന്തിരി, എ. സെക്രട്ടറി ..ഒപ്പ്..
5. പി. എസ്. സെയ്ഫു ..ഒപ്പ്..

**കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷനു വേണ്ടി :**

1. എ. എൻ. രാജൻ, പ്രസിഡന്റ്. ..ഒപ്പ്..
2. എം. പി. ഗോപകുമാർ, ജന: സെക്രട്ടറി. ..ഒപ്പ്..
3. ജേക്കബ് വി. ലാസർ, സെക്രട്ടറി. ..ഒപ്പ്..
4. ജെയിംസ് റാഫേൽ, ട്രഷറർ. ..ഒപ്പ്..

**കേരള ഇലക്ട്രിസിറ്റി ബോർഡ് വർക്കേഴ്സ് അസോസിയേഷൻ (സി. ഐ. ടി. യു) നു വേണ്ടി :**

1. വി. ലക്ഷ്മണൻ, ജന: സെക്രട്ടറി. ..ഒപ്പ്..
2. വി. എസ്. അജിത് കുമാർ, അസി. സെക്രട്ടറി. ..ഒപ്പ്..

**കേരള വൈദ്യുതി മസ്ദൂർ സംഘിന് വേണ്ടി :**

1. കെ. മോഹനൻ, ജന: സെക്രട്ടറി. ..ഒപ്പ്..
2. കെ. ജി. ജയകുമാർ, സെക്രട്ടറി. ..ഒപ്പ്..

**യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ടിനു വേണ്ടി :**

1. സിബിക്കുട്ടി ഫ്രാൻസിസ്, ജന: സെക്രട്ടറി. ..ഒപ്പ്..
2. വി. ഗോപകുമാർ, ട്രഷറർ. ..ഒപ്പ്..

**കേരള പവർ വർക്കേഴ്സ് കോൺഗ്രസിനു വേണ്ടി :**

1. എ. എസ്. രാമചന്ദ്രൻ, ജന: സെക്രട്ടറി. ..ഒപ്പ്..

**ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഗ്രസിനു വേണ്ടി :**

1. ജി. ബാലചന്ദ്രൻ ..ഒപ്പ്..

**കേരള സ്റേറ്ററ്റ് ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് ഓർഗനൈസേഷനു വേണ്ടി :**

1. ഷാജഹാൻ എം., ജന: സെക്രട്ടറി. ..ഒപ്പ്..
2. പി. കെ. ഷംസുദ്ദീൻ, സെക്രട്ടറി ..ഒപ്പ്..

**കേരള ഇലക്ട്രിസിററി എംപ്ലോയീസ് കോൺഫെഡറേഷനു വേണ്ടി :**

1. സജീവ് ജനാർദ്ദനൻ, ജന: സെക്രട്ടറി. ..ഒപ്പ്..
2. ടിറ്റോ വി. ഖില്യം, ജോയിന്റ് സെക്രട്ടറി. ..ഒപ്പ്..
3. പ്രദീപ് കുമാർ എസ്., ജില്ലാ സെക്രട്ടറി. ..ഒപ്പ്..
4. കെ. എ. സഹദേവൻ, സ്റേററ്റ് സെക്രട്ടറി. ..ഒപ്പ്..

യോഗം 11 മണിക്ക് ആരംഭിച്ചു.

റിട്ടേർണിംഗ് ആഫീസർ (റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം) സ്വാഗതം പറഞ്ഞു. യൂണിയൻ ഭാരവാഹികൾ സ്വയം പരിചയപ്പെടുത്തി.

കേരള സ്റേററ്റ് ഇലക്ട്രിസിററി ബോർഡ് ലിമിററഡ് എന്ന സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രേഡ് ട്രേഡ് യൂണിയനുകൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട ഹിത പരിശോധന നടത്തുന്നതിനുള്ള രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് (ലേബർ കമ്മീഷണർ, തിരുവനന്തപുരം) ന്റെ 07.09.2015 ലെ ഐ (5) 19354/2014 ാം നമ്പർ ഉത്തരവ് പ്രകാരം ടി ഹിതപരിശോധനയിൽ പങ്കെടുക്കുന്നതിനായി 1. കേരള സ്റേററ്റ് ഇലക്ട്രിസിററി ബോർഡ് വർക്കേഴ്സ് അസോസിയേഷൻ (രജി. നമ്പർ 54/71), 2. കേരള സ്റേററ്റ് ഇലക്ട്രിസിററി വർക്കേഴ്സ് ഫെഡറേഷൻ (രജി. നമ്പർ. 444/75), 3. യുണൈററഡ് ഡെമോക്രാററിക് ഇലക്ട്രിസിററി എംപ്ലോയീസ് ഫ്രണ്ട് (രജി. നമ്പർ. 01/01/2003), 4. ഇലക്ട്രിസിററി എംപ്ലോയീസ് കോൺഗ്രസ് (രജി. നമ്പർ 01/53/96), 5. കേരള പവർ വർക്കേഴ്സ് കോൺഗ്രസ് (രജി. നമ്പർ. 01/05/06), 6. കേരള വൈദ്യുതി മസ്ദൂർ സംഘ് (രജി. നമ്പർ. 07/32/91), 7. കേരള സ്റേററ്റ് ഇലക്ട്രിസിററി ബോർഡ് എംപ്ലോയീസ് ഓർഗനൈഷേൻ (രജി. നമ്പർ. 30/84), 8. കേരള ഇലക്ട്രിസിററി എക്സിക്യൂട്ടീവ് സ്ററാഫ് ഓർഗനൈസേഷൻ (രജി. നമ്പർ 03/05/10) എന്നീ യൂണിയനുകൾക്ക് യേഗ്യത കണ്ടെത്തി ഉത്തരവായിട്ടുണ്ട്.

എന്നാൽ ടി ഹിതപരിശോധനയിൽ പങ്കെടുക്കുന്നതിനായി കേരള ഇലക്ട്രിസിററി എംപ്ലോയീസ് കോൺഫെഡറേഷൻ (രജി. നമ്പർ 01/14/87) എന്ന യൂണിയന്റെ 4 വിഭാഗങ്ങളും ചേർന്ന് ഒററ അപേക്ഷ സമർപ്പിക്കുവാനായി അനുവദിച്ചിരുന്ന സമയപരിധി കഴിഞ്ഞു എന്നകാരണത്താൽ രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് പ്രസ്തുത യൂണിയന്റെ അപേക്ഷ തള്ളി ഉത്തരവായതിനെ തുടർന്ന് ടി യൂണിയൻ ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത W.P.(C) 28357/2015(ടി) നമ്പർ കേസിൽ കേരള സ്റേററ്റ് ഇലക്ട്രിസിററി ബോർഡിലെ ഇലക്ഷൻ നടപടിയിൽ പ്രസ്തുത യൂണിയനെ ടി റിട്ട് പെററീഷന്റെ അന്തിമ ഉത്തരവിന് വിധേയമായി provisional ആയി പങ്കെടുപ്പിക്കുവാനായി 18.09.2015 ന് ഇടക്കല ഉത്തരവായിട്ടുള്ളതായി റിട്ടേർണിംഗ് ആഫീസർ യോഗത്തിൽ അറിയിച്ചു.

ഇലക്ഷൻ സമയബന്ധിതമായി നടത്തുന്നതിനെ സംബന്ധിച്ച രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയൻസ് (ലേബർ കമ്മീഷണർ, തിരുവനന്തപുരം) ന്റെ 07.09.2015 ലെ ഉത്തരവിലെ നിർദേശങ്ങൾ റിട്ടേർണിംഗ് ആഫീസർ യോഗത്തിൽ വിശദീകരിച്ചു.

വോട്ടർ പട്ടിക തയ്യാറാക്കുന്നതിനായി 2015 ഒക്ടോബർ 1 ാം തിയതി വരെ സമയം അനുവദിക്കണമെന്ന് കേരള സ്റേററ്റ് ഇലക്ട്രിസിററി ബോർഡ് ആവശ്യപ്പെട്ടു.

കേരള റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ ആക്ട് 2010 വകുപ്പ് 8 പ്രകാരം ഇലക്ഷൻ നോട്ടിഫിക്കേഷൻ തിയതി മുതൽ പുറകിലേയ്ക്ക് 120 ദിവസം ജോലി ചെയ്തവർക്ക് മാത്രമെ വോട്ടവകാശം ഉണ്ടാകുകയുള്ളു എന്ന കാര്യം റിട്ടേർണിംഗ് ആഫീസർ യോഗത്തിൽ വിശദീകരിച്ചു.

ബൂത്തുകൾ :

സംസ്ഥാനത്തെ ഇലക്ട്രിക്കൽ ഡിവിഷനുകളുടെ പരിധിയിലുള്ള വിവിധ ആഫീസുകൾ ഉൾപ്പെടുത്തി ഡിവിഷൻ തലത്തിൽ ഓരോ പോളിംഗ് സ്റേറഷനുകൾ / ബൂത്തുകൾ സ്ഥാപിക്കണമെന്ന് യൂണിയനുകൾ സംയുക്തമായി യോഗത്തിൽ ആവശ്യപ്പെട്ടു. തുടർന്ന് താഴെ പറയും പ്രകാരം സ്റേറഷനുകൾ / ബൂത്തുകൾ തീരുമാനമായി.

| DISTRICT | DIV/CIR/SEC | NO. OF BOOTHS | TOTAL BOOTHS | TOTAL VOTERS (APPROX) |
|---|---|---|---|---|
| Alappuzha | Mavelikkara | 1 | 5 | 1757 |
| | Chengannur | 1 | | |
| | Haripad | 1 | | |
| | Alappuzha | 1 | | |
| | Cherthala | 1 | | |
| Ernakulam | Angamly | 1 (Pbr) | 7 | 4005 |
| | Perumbavoor | | | |
| | Muvattupuzha | 1 (Mvpa) | | |
| | Kothamangalam | | | |
| | Kalamassery | 1 (Aluva) | | |
| | Aluva | | | |
| | Paravoor | 1 | | |
| | Tripunithura | 1 (Tpr) | | |
| | Brahmapuram | | | |
| | Ernakulam | 1 | | |
| | Mattanchery | 1 | | |
| Idukki | Adimaly | 1 | 6 | 1305 |
| | Meencutt | 1 | | |
| | Kattappana | 1 | | |
| | Moolamattom | 1 | | |
| | Peermedu | 1 | | |
| | Thodupuzha | 1 | | |
| Kannur | Iritty | 1 | 5 | 1975 |
| | Sreekandapuram | 1 | | |
| | Kannur | 1 | | |
| | Thalassery | 1 | | |
| | Payyannur | 1 | | |
| Wayanad | Mananthavady | 1 | 2 | 514 |
| | Kalpetta | 1 | | |
| Kasargod | Kasargod | 1 | 2 | 825 |
| | Kannjangad | 1 | | |
| Kozhikode | Vadakara | 1 | 5 | 2514 |
| | Balussery | 1 (Balussery) | | |
| | Kakkayam | | | |
| | Feroke | 1 | | |
| | Kozhikode | 1 | | |
| | Nadapuram | 1 | | |

| | | | | |
|---|---|---|---|---|
| Pathanamthitta | Thiruvalla | 1 | 4 | 1146 |
| | Pathanamthitta | 1 | | |
| | Adoor | 1 | | |
| | Moozhiyar | 1 | | |
| Thiruvananthapuram | Attingal | 1 | 7 | 3031 |
| | Kattaakada | 1 | | |
| | Thiruvananthapuram | 1 | | |
| | Tvm Vydyuthi Bhavan | 1 | | |
| | Kazhakootam | 1 | | |
| | Neyyattinkara | 1 | | |
| | Nedumangad | 1 | | |
| Thrissur | Chalakkudy / Sholayar | 1 | 7 | 2755 |
| | Irinjalakuda | 1 | | |
| | Kodungallur | 1 | | |
| | Kunnamkulam | 1 | | |
| | Wadakkanchery | 1 | | |
| | Thrissur West | 1 | | |
| | Thrissur East | 1 | | |
| Kollam | Punalur | 1 | 6 | 2179 |
| | Kottarakkara | 1 | | |
| | Chathannur | 1 | | |
| | Kollam | 1 | | |
| | Kundara | 1 | | |
| | Karunagappally | 1 | | |
| Kottayam | Changanassery | 1 | 5 | 1977 |
| | Kottayam | 1 (Pallom) | | |
| | Poovanthuruthu | | | |
| | Pallom | | | |
| | Vaikom | 1 | | |
| | Pala | 1 | | |
| | Ponkunam | 1 | | |
| Palakkad | Mannarcad | 1 | 6 | 2066 |
| | Alathur | 1 | | |
| | Palakkad | 1 | | |
| | Chittur | 1 | | |
| | Pattambi | 1 | | |
| | Shornur | 1 | | |
| Malappuram | Kondotty | 1 | 8 | 2191 |
| | Malappuram | 1 (Mancheri) | | |
| | Manchery | | | |
| | Tirur | 1 | | |
| | Tirurangadi | 1 | | |
| | Wandoor | 1 | | |
| | Nilambur | 1 | | |
| | Perinthalmanna | 1 | | |
| | Ponnani | 1 | | |
| TOTAL | | 75 | 75 | 28240 |

ഇതും പ്രകാരം ഇലക്ഷനും അനുബന്ധജോലികളും താഴെ വിവരിച്ചിട്ടുള്ള പട്ടിക പ്രകാരം പൂർത്തീകരിക്കുവാൻ തീരുമാനമായതായി റിട്ടേണിംഗ് ആഫീസർ അറിയിച്ചു.

| | | |
|---|---|---|
| 1. | തെരഞ്ഞെടുപ്പ് വിജ്ഞാപനം | 28.09.2015 |
| 2. | കരട് വോട്ടർ പട്ടിക പ്രസിദ്ധീകരണം | 03.10.2015 |
| 3. | കരട് വോട്ടർ പട്ടികയിലെ ആക്ഷേപങ്ങൾ സമർപ്പണം | 08.10.2015 10.30 am to 1 pm |
| 4. | ആക്ഷേപങ്ങൾ കേൾക്കൽ | 08.10.2015 2 pm to 4 pm |
| 5. | അംഗീകരിച്ച വോട്ടർ പട്ടിക പ്രസിദ്ധീകരിക്കുന്നത് | 09.10.2015 5 pm |
| 6. | നാമ നിർദ്ദേശ പത്രിക സമർപ്പിക്കുന്നത് | 12.10.2015 11 am to 2 pm |
| 7. | നാമ നിർദ്ദേശ പത്രിക പരിശോധന | 12.10.2015 2.30 pm to 4.30 pm |
| 8. | നാമ നിർദ്ദേശ പത്രിക പിൻവലിക്കൽ | 12.10.2015 4.30 pm to 5 pm |
| 9. | തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന യൂണിയനുകളുടെ അന്തിമ ലിസ്റ്റ് | 13.10.2015 11 am |
| 10. | മാതൃക ബാലറ്റ് പേപ്പർ പ്രസിദ്ധീകരിക്കുന്നത് | 14.10.2015 |
| 11. | ബാലറ്റ് പേപ്പർ അച്ചടി | 17.10.2015 |
| 12. | തെരഞ്ഞെടുപ്പ് തിയതി, സമയം | 20.10.2015 8 am to 4 pm |
| 13. | തെരഞ്ഞെടുപ്പ് നടക്കുന്ന സ്ഥലങ്ങൾ | എല്ലാ KSEB Electrical Divisions ലും |
| 14. | വോട്ടെണ്ണൽ തിയതി, സമയം, കേന്ദ്രം | 21.10.2015 10 am onwards എല്ലാ ജില്ലാ ലേബർ ആഫീസുകളിലും / എ. ആർ. ഒ. ഓഫീസുകളിലും |
| 15. | ഫല പ്രഖ്യാപനം | 21.10.2015 4 pm എറണാകുളം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുടെ കാര്യാലയം |

ആകെ 75 ബൂത്തുകളിൽ ഓരോ ബൂത്തിലും വരുന്ന വോട്ടർമാരുടെ പേര് വിവരവും, ഓഫീസുകളും അടങ്ങിയ ലിസ്റ്റ് ബൂത്ത് / പോളിംഗ് സ്റ്റേഷൻ തിരിച്ച് അതാത് ഡിവിഷണൽ ആഫീസുകളിൽ പ്രസിദ്ധീകരിക്കുവാനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ ചുമതലപ്പെടുത്തി. പ്രസതുത ലിസ്റ്റിന്റെ പകർപ്പ് റിട്ടേർണിംഗ് ആഫീസർക്കും സമർപ്പിക്കുവാനായി കെ. എസ്. ഇ. ബി. യെ ചുമതലപ്പെടുത്തി.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഐഡന്റിറ്റി കാർഡോ വോട്ടർ ജോലി ചെയ്യുന്ന ബന്ധപ്പെട്ട എ. ആർ. യു. ആഫീസിലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രമോ വോട്ടർമാർ പോളിംഗ് സമയം പോളിംഗ് ഉദ്യോഗസ്ഥരുടെ മുമ്പാകെ ഹാജരാക്കേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

ട്രേഡ് യൂണിയൻ രജിസ്ട്രേഷന്റെ സീനിയോറിറ്റി അനുസരിച്ചായിരിക്കും ബാലറ്റ് പേപ്പറിലെ യൂണിയനുകളുടെ പേര് വിവരം ക്രമീകരിക്കുന്നത് എന്ന് റിട്ടേർണിംഗ് ആഫീസർ യോഗത്തിൽ അറിയിച്ചു.

യൂണിയനുകളുടെ നോമിനേഷൻ പ്രൊപ്പോസ് ചെയ്യുന്നതും സെക്കന്റ് ചെയ്യുന്നതും വോട്ടേഴ്സ് ലിസ്റ്റിൽ പേരുള്ളവർ ആയിരിക്കണം.

നോമിനേഷനോടൊപ്പം ചലാന്റെ പകർപ്പും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പും (ഗസറ്റഡ് ഓഫീസർ) സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

റിട്ടേർണിംഗ് ആഫീസർ അംഗീകരിച്ച ഇലക്ടറൽ റോളിന്റെ പകർപ്പ് പോളിംഗ് ബൂത്തുകളുള്ള എല്ലാ സ്റ്റേഷനുകളിലും ഡിവിഷണൽ ഓഫീസുകളിലും നിശ്ചിത തിതിയിൽ കെ. എസ്. ഇ. ബി. പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നും യോഗം തീരുമാനിച്ചു.

ട്രേഡ് യൂണിയൻ റക്കഗ്നിഷനുമായി ബന്ധപ്പെട്ട് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (രജി. നമ്പർ 01/14/87) എന്ന യൂണിയനെ സംബന്ധിക്കുന്ന തീരുമാനം W.P.(C) 28357/2015(ടി) നമ്പർ കേസിലെ അന്തിമ വിധിയ്ക്ക് വിധേയമായിട്ടായിരിക്കുമെന്നും ആകെ രേഖപ്പെടുത്തപ്പെട്ട വോട്ടുകളുടെ 15% ലഭിക്കുന്ന യൂണിയനുകൾ കോൺസ്റ്റിറ്റ്യൂവന്റ് ഓഫ് ജോയിന്റ് ബാർഗെയ്നിംഗ് കൗൺസിലും, 40% ലഭിക്കുന്ന യൂണിയനുകൾ പ്രിൻസിപ്പൽ ബാർഗെയ്നിംഗ് ഏജന്റായും, 51% ന് മുകളിൽ ലഭിക്കുന്ന യൂണിയനെ സോൾ ബാർഗെയ്നിംഗ് ഏജന്റായും കണക്കാക്കുമെന്ന് റിട്ടേർണിംഗ് ആഫീസർ യോഗത്തിൽ അറിയിച്ചു.

ഇലക്ഷന്റെ സുഗമമായ നടത്തിപ്പിനായി എറണാകുളം, കൊല്ലം, കോഴിക്കോട് എന്നീ മൂന്ന് റീജിയണുകളിൽ ഓരോ റീജിയണൽ ഒബ്സർവർമാരും ഓരോ ജില്ലയിലും ഒരോ അസിസ്റ്റന്റ് റിട്ടേണിംഗ് ആഫീസർമാരും ഉണ്ടായിരിക്കും എന്ന് റിട്ടേർണിംഗ് ആഫീസർ യോഗത്തിൽ അറിയിച്ചു.

സംസ്ഥാന തലത്തിൽ ലെയിസൺ കം ഫിനാൻസ് കം ഒബ്സർവറായി എറണാകുളത്തുനിന്നുള്ള ഒരാളെയും ജില്ലാ തല ലെയിസൺ കം ഫിനാൻസ് കം ഒബ്സർവർമാരായി 14 പേരേയും ചുമതലപ്പെടുത്തേണ്ടതും അവരുടെ പേരുവിവരം നിർദേശിക്കുവാനായി കെ. എസ്. ഇ. ബി. യെ ചുമതലപ്പെടുത്തിക്കൊണ്ടും യോഗത്തിൽ തീരുമാനമായി.

പ്രിസൈഡിംഗ് ആഫീസർ ഒഴികെ മറ്റ് പോളിംഗ് ഉദ്യോഗസ്ഥൻമാരെ നിയോഗിക്കുന്നതിൽ വോട്ടവകാശമില്ലാത്ത കെ. എസ്. ഇ. ബി. യിലെ ജീവനക്കരെ കൂടി ഉൾപ്പെടുത്തുവാൻ യോഗം തീരുമാനിച്ചു. ഇതിലേക്കുള്ള ജീവനക്കാരുടെ ലിസ്റ്റ് തയ്യാറാക്കുവാൻ കെ. എസ്. ഇ. ബി. യെ ചുമതലപ്പെടുത്തിക്കൊണ്ടും യോഗത്തിൽ തീരുമാനമായി.

ഇലക്ഷൻ സാമഗ്രികളുടെ വിതരണകേന്ദ്രവും സ്വീകരിക്കൽ കേന്ദ്രവും അതാത് ജില്ലാ ലേബർ ആഫീസുകളായിരിക്കും എന്ന് റിട്ടേണിംഗ് ആഫീസർ അറിയിച്ചു.

ഇലക്ഷൻ ജോലികൾക്കായി വേണ്ടിവരുന്ന സ്റ്റേഷണറി ചിലവുകൾ, വാഹന സൗകര്യം, ഉദ്യോഗസ്ഥർക്കുള്ള ഓണറേറിയം എന്നിവ കെ. എസ്. ഇ. ബി. നൽകണമെന്നും യോഗത്തിൽ തീരുമാനമായി.

ജില്ലാ തലത്തിൽ ഒരോ ചീഫ് ഇലക്ഷൻ ഏജന്റ് വേണമെന്ന് യൂണിയനുകൾ ആവശ്യപ്പെട്ടു. സംസ്ഥാന തലത്തിൽ ചീഫ് ഇലക്ഷൻ ഏജന്റുമാരുടെ ലിസ്റ്റ് റിട്ടേണിംഗ് ആഫീസർക്ക് നൽകണമെന്നും ചീഫ് ഇലക്ഷൻ ഏജന്റുമാർ ബന്ധപ്പെട്ട പോളിംഗ് / കൗണ്ടിംഗ് ഏജന്റുമാരുടെ പേര് വിവരവും അപേക്ഷയും സമർപ്പിക്കേണ്ടതാണെന്നും തീരുമാനമായി.

ബന്ധപ്പെട്ട യൂണിയനുകൾ ഒക്ടോബർ 19 തിയതി വൈകിട്ട് 5 മണിയ്ക്കുള്ളിൽ ഇലക്ഷൻ പ്രചാരണം അവനസാനിപ്പിച്ചരിക്കണമെന്ന് റിട്ടേണിംഗ് ആഫീസർ അറിയിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 1.30 മണിയ്ക്ക് അവസാനിച്ചു.

..ഒപ്പ്..

റിട്ടേർണിംഗ് ആഫീസർ

റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, എറണാകുളം